# നിങ്ങളുടെ ആരോഗ്യവും ജോലിയും

## തൊഴിലാളികൾക്കുള്ള പ്രധാനപ്പെട്ട വിവരങ്ങൾ

### ഒരു ജോലിക്കാരന് പനിയോ മറ്റ് രോഗലക്ഷണങ്ങളോ ഉണ്ടെങ്കിൽ എന്താണ് ചെയ്യേണ്ടത്?

ഒരു തൊഴിലാളിക്ക് ചുമ, പനി, ശ്വാസതടസ്സം തുടങ്ങിയ രോഗലക്ഷണങ്ങളുണ്ടെങ്കില് മറ്റുള്ളവരിൽ നിന്ന് അകന്നുനിൽക്കുകയും, എത്രയും പെട്ടന്ന് ഖത്തറിന്റെ COVID-19 ഹോട്ടൈ്ലനായ **16000** എന്ന നമ്പറിൽ ബന്ധപ്പെടുകയും ചെയ്യണം.

അടിയന്തിര സാഹചര്യങ്ങളിൽ, തൊഴിലാളി **999** എന്ന നമ്പറിൽ വിളിച്ച് ആംബുലൻസിന് വേണ്ടി ആവശ്യപ്പെടണം.

### ഒരു തൊഴിലാളിക്ക് ഹെൽത്ത് കാർഡ് ഇല്ലെങ്കിൽ എന്താണ് ചെയ്യേണ്ടത്?

നിലവിലുള്ള പ്രതിസന്ധി ഘട്ടത്തില്, ടെസ്റ്റ് നടത്താനും, ചികിത്സ ലഭിക്കാനും ഒരു ഹെൽത്ത് കാർഡോ ക്യുഐഡിയോ (QID) ആവശ്യമില്ല. ഈ സേവനങ്ങൾ സർക്കാർ സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.

### ഒരു തൊഴിലാളി എപ്പോഴാണ് ഒറ്റപ്പെട്ടുള്ള താമസത്തിലേക്ക് പോകേണ്ടത്?

ഇനി പറയുന്ന ലക്ഷണങ്ങളുണ്ടെങ്കിൽ തൊഴിലാളി ഒറ്റപ്പെട്ടുള്ള താമസത്തിലേക്ക് പോകുകയും COVID-19 ഹോട്ടൈ്ലൻ **16000** എന്ന നമ്പറിൽ വിളിക്കുകയും ചെയ്യണം:

- → ചുമ, പനി അല്ലെങ്കിൽ ശ്വാസതടസ്സം പോലുള്ള COVID-19 -ന്റെ ഏതെങ്കിലും രോഗലക്ഷണങ്ങൾ കാണിക്കുന്നു.
- → COVID-19 പോസിറ്റീവ് ആയി ടെസ്റ്റ് ചെയ്യപ്പെട്ട ആരെങ്കിലുമായി, രോഗലക്ഷണങ്ങള്ഇല്ലാത്ത സമയത്താണെങ്കിൽപോലും സമ്പർക്കം പുലർത്തിയിട്ടുണ്ടെങ്കില്.
- → രോഗം വ്യാപകമായ ഏതെങ്കിലും രാജ്യത്ത് നിന്ന് അടുത്തിടെ മടങ്ങിയെത്തിയതാണെങ്കില്.

കൂടുതൽ വിവരങ്ങൾക്ക് പൊതുജനാരോഗ്യ മന്ത്രാലയം വെബ്സൈറ്റ് പരിശോധിക്കുക
www.moph.gov.qa/

### എപ്പോഴാണ് ഒരു തൊഴിലാളി ഒറ്റപ്പെട്ടുള്ള താമസത്തിന് പോകുന്നത്?

COVID-19 ഉണ്ടെന്ന് വിശ്വസിക്കപ്പെടുന്നുണ്ടെങ്കില് ടെസ്റ്റിന്റെ ഫലത്തിന് വേണ്ടി കാത്തിരിക്കുമ്പോൾതന്നെ ഒരു തൊഴിലാളിയെ സർക്കാർ അധികാരികൾ ഒറ്റപ്പെട്ട താമസത്തിന് അയച്ചേക്കാം (അവർ എന്തെങ്കിലും രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുകയോ COVID-19 ബാധിച്ച ആരെങ്കിലുമായി സമ്പർക്കം പുലർത്തുകയോ ചെയ്തിട്ടുണ്ടെങ്കില്).

### ഒരു തൊഴിലാളിയുടെ COVID-19 ടെസ്റ്റ് പോസിറ്റീവാണെങ്കില്എന്ത് സംഭവിക്കും?

COVID-19 പോസിറ്റീവ് ഫലം ലഭിക്കുന്ന തൊഴിലാളിയെ മുകൈനിസ് ഏരിയയിലെ കേന്ദ്രങ്ങളിൽ ക്വാറന്റൈൻ ചെയ്യുകയും, ആവശ്യമായ എല്ലാ ചികിത്സയും, ഭക്ഷണവും, താമസവും സൗജന്യമായി നൽകുകയും ചെയ്യും.

### ഒരു കൂട്ടമായുള്ള താമസസ്ഥലത്ത് ഒറ്റപ്പെട്ട താമസം അല്ലെങ്കില്ക്വാറന്റൈൻ ക്രമീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം ആര്ക്കാണ്?

പൊതുജനാരോഗ്യ മന്ത്രാലയത്തിന് കീഴില് ക്രൈസിസ് മാനേജ്മെന്റിനുള്ള സുപ്രീം കമ്മിറ്റിക്ക് കീഴിൽ പ്രവര്ത്തിക്കുന്ന ഒരു പ്രത്യേക മെഡിക്കല്ടീമിനാണ് തൊഴിലാളികളുടെ ചികിത്സക്കും, ഒറ്റപ്പെട്ട താമസത്തിനും, ക്വാറന്റൈനിനുമുള്ള ഉത്തരവാദിത്വം. തൊഴിലാളികളുടെ ഒറ്റപ്പെട്ട താമസത്തിനോ അല്ലെങ്കില്ക്വാറന്റൈനിനോ തൊഴിൽ ദാതാവിന് ഉത്തരവാദിത്വമുണ്ടായിരിക്കില്ല.

### സാധുവായ ക്യുഐഡി (QID) ഇല്ലാത്ത തൊഴിലാളികൾക്ക് ചികിത്സ ആവശ്യമായാല് ലഭിക്കുമോ?

തൊഴിലാളികൾക്ക് ആവശ്യമായ എല്ലാ ചികിത്സയും സൗജന്യമായി ലഭിക്കും, തൊഴിലാളികളുടെ സ്ഥിതി പ്രസക്തമല്ല.

## ഒറ്റപ്പെട്ടുള്ള താമസത്തിലോ, ക്വാറന്റൈനിലോ, ചികിത്സയിലോ ആയിരിക്കുമ്പോൾ തൊഴിലാളികൾക്ക് ശമ്പളം ലഭിക്കുമോ?

ഒറ്റപ്പെട്ടുള്ള താമസം, ക്വാറന്റൈൻഅല്ലെങ്കിൽ ചികിത്സയിലുള്ള എല്ലാ തൊഴിലാളികൾക്കും രോഗാവധിക്കുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടോ എന്നത് പരിഗണിക്കാതെ നിലവിലുള്ള അടിസ്ഥാന ശമ്പളവും, അലവൻസുകളും ലഭിക്കും.

## സേവനങ്ങൾ അവസാനിപ്പിക്കാനുള്ള സർക്കാർ നിർദ്ദേശം പാലിച്ച മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അവരുടെ അടിസ്ഥാന വേതനവും, ഭക്ഷണവും താമസവും പോലുള്ള മറ്റ് അലവൻസുകളും ഇനിയും ലഭിക്കുമോ?

അതെ, എല്ലാ തൊഴിലാളികൾക്കും അവരുടെ അടിസ്ഥാന ശമ്പളവും അലവൻസും തൊഴിലുടമയിൽ നിന്ന് തുടർന്നും ലഭിക്കും.

## പ്രതിസന്ധി മൂലം തൊഴിലാളികളുടെ കരാറുകൾ അവസാനിപ്പിക്കുമോ?

കരാറുകൾ അവസാനിപ്പിക്കാൻ തൊഴിലുടമകൾക്ക് അവകാശമുണ്ട്. എന്നിരുന്നാലും, തൊഴിൽ അവസാനിപ്പിക്കുന്നത് തൊഴിൽ നിയമത്തിന്റെയും, കരാറിന്റെയും നിബന്ധനകൾ പൂർണ്ണമായും അനുസരിച്ചായിരിക്കണം. ഇതിൽ നോട്ടീസ് കാലയളവും, കുടിശ്ശികയുള്ള അർഹമായ എല്ലാ തുകകളും, മാതൃരാജ്യത്തിലേക്കുള്ള മടക്ക ടിക്കറ്റ് എന്നിവയും ഉൾപ്പെടുന്നു.

## തൊഴിലാളികൾക്ക് ജോലി ചെയ്യാൻ കഴിയാത്ത കാലയളവിലോ അല്ലെങ്കിൽ കമ്പനിയുടെ സേവനങ്ങൾ ചുരുക്കിയത് മൂലമോ തൊഴിലാളികളോട് വാർഷിക ലീവ് ഉപയോഗിക്കാനോ അല്ലെങ്കിൽ ശമ്പളമില്ലാത്ത അവധി എടുക്കാനോ ആവശ്യപ്പെടുമോ?

ഇരു കക്ഷികളുടെയും പ്രയോജനത്തിന് വേണ്ടി ദീർഘകാലത്തേക്കുള്ള ബിസിനസിന്റെയും തൊഴിലിന്റെയും നിലനിൽപ്പ് കണക്കിലെടുത്ത്, സംഭവിക്കാവുന്ന നഷ്ടം കുറയ്ക്കാനായി ഈ കാലയളവിൽ പരസ്പരം സഹകരിക്കേണ്ടത് പ്രധാനപ്പെട്ട കാര്യമാണ്. അതിനാൽ, ബിസിനസ്സ് നിർത്തിവെക്കുകയും തൊഴിലാളിയെ ഒരു ജോലിയും ഏല്പ്പിക്കാതിരിക്കുകയും ചെയ്താല് തൊഴിലാളികൾ ശമ്പളമില്ലാത്ത അവധി എടുക്കുകയോ വാർഷിക അവധി ഉപയോഗിക്കുകയോ ചെയ്യുമെന്ന് തൊഴിലുടമകളും തൊഴിലാളികളും പരസ്പരം സമ്മതിക്കുന്നു. എന്നിരുന്നാലും, തൊഴിലുടമകൾ താമസവും ഭക്ഷണവും ഉൾപ്പെടെ മറ്റെല്ലാ ആനുകൂല്യങ്ങളും നൽകുന്നത് തുടരണം.

## തൊഴിലാളികൾ രാജ്യത്തിന് പുറത്തായിരിക്കുകയും, മടങ്ങിവരാൻ സാധിക്കുകയുമില്ലെങ്കില്ഇത് അവരുടെ തൊഴിലിനെ എങ്ങനെയാണ് ബാധിക്കുക?

തൊഴിലുടമയും തൊഴിലാളിയും തൊഴിൽ സാഹചര്യങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച് ചർച്ചചെയ്യണം. കരാറിലെ ഏതെങ്കിലും ക്രമീകരണം നിരസിക്കാനുള്ള അവകാശം തൊഴിലാളിക്കുണ്ട്. തൊഴിൽ അവസാനിപ്പിക്കുന്ന സാഹചര്യത്തിൽ, നോട്ടീസ് കാലയളവും അർഹതയുള്ള എല്ലാ കുടിശ്ശിക തുകകളും ഉൾപ്പെടെതൊഴിൽ നിയമത്തിന്റെയും കരാറിന്റെയും നിബന്ധനകൾക്ക് അനുസൃതമായി അത് നടപ്പാക്കണം.

## സർക്കാർ സേവനങ്ങൾ ചുരുക്കിയിരിക്കുന്ന ഈ കാലയളവിൽ വിസകളും ക്യുഐഡികളും (QID) കാലഹരണപ്പെട്ടാൽ സ്വയം ദീർപ്പിക്കുമോ?

വിസയുടെ കാലാവധി ദീര്ഘിപ്പിക്കുന്നതിന് (അല്ലെങ്കിൽ അതിന്റെ സ്ഥിതി പരിശോധിക്കുന്നതിന്) ഈ ലിങ്കിൽ പോവുക:
https://portal.moi.gov.qa/visitvisaextension

ക്യുഐഡികൾ (QID) ദീർപ്പിക്കുന്നതിന് (അല്ലെങ്കിൽ അതിന്റെ സ്ഥിതി പരിശോധിക്കുന്നതിന് **Metrash2** ആപ്ലിക്കേഷൻ ഉപയോഗിക്കുക.

ഏറ്റവും പുതിയ വിവരങ്ങൾക്കായി ആഭ്യന്തര മന്ത്രാലയത്തിന്റെ വെബ്സൈറ്റ് പരിശോധിക്കുക.

## വീടുകളില് ജോലി ചെയ്യുന്ന വീട്ടുജോലിക്കാർക്കും ഇതേ വ്യവസ്ഥകൾ ബാധകമാണോ?

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ വിവരങ്ങളും വീടുകളിൽ ജോലി ചെയ്യുന്ന വീട്ടുജോലിക്കാർക്കും ബാധകമാണ്.

## ഈ സമയത്ത് തൊഴിലാളികൾക്ക് അവരുടെ തൊഴിൽ അല്ലെങ്കിൽ താമസത്തെക്കുറിച്ച് എന്തെങ്കിലും പരാതിയോ പ്രശ്നമോ ഉണ്ടെങ്കിൽ അവർക്ക് എന്താണ് ചെയ്യാൻ കഴിയുക?

തൊഴിലാളികൾ ഭരണ വികസന, തൊഴിൽ, സാമൂഹികകാര്യ മന്ത്രാലയവുമായി **16008** എന്ന നമ്പറിൽ ബന്ധപ്പെടണം അല്ലെങ്കിൽ ഈ ഇമെയിലില് ബന്ധപ്പെടുക info@adlsa.gov.qa